## പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പതിമൂന്നാമത് റിപ്പോർട്ട്

(2024 ജൂലൈ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2019-2021)യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ (പശ്ചിമബംഗാൾ, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളിലെ മലയാളികളുടെ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പതിമൂന്നാമത് റിപ്പോർട്ട്

(2024 ജൂലൈ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2019-2021)യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ (പശ്ചിമബംഗാൾ, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിലെ മലയാളികളുടെ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

953/2024.

# ഉള്ളടക്കം


*പേജ്*

സമിതിയുടെ ഘടന .. v

ആമുഖം .. vii

റിപ്പോർട്ട്

അധ്യായം I:

സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും .. 1

അധ്യായം II:

സമിതിയുടെ ശിപാർശകളിൽ അന്തിമ മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ വിശദാംശം. .. 8

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2023-2026)

**ഘടന**

ചെയർപേഴ്സൺ :

ശ്രീ. എ.സി. മൊയ്തീൻ.

അംഗങ്ങൾ :

ശ്രീ. എ. കെ. എം. അഷ്റഫ്

ഡോ. കെ. ടി. ജലീൽ

ശ്രീ. മാണി സി. കാപ്പൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീജ പി. കെ., അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)യുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-2021)യുടെ പശ്ചിമബംഗാൾ, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിലെ മലയാളികളുടെ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ചുള്ള പതിനൊന്നാമത് റിപ്പോർട്ട് 13-1-2021-ന് സഭയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്. രണ്ട് അധ്യായങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിൽ സമിതി (2019-2021) യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ഒന്നാം അധ്യായത്തിലും പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൽ അന്തിമ മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ വിശദാംശം രണ്ടാം അധ്യായത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു.

2024 ജൂലൈ 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. സി. മൊയ്തീൻ,

*ചെയർപേഴ്സൺ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ജൂലൈ 8.

# റിപ്പോർട്ട്

പ്രവാസജീവിത വൈവിദ്ധ്യങ്ങൾക്ക് സമാനമാണ് പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ എന്ന് നിരീക്ഷിച്ച പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി, പ്രവാസി മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ക്രിയാത്മക ഇടപെടലുകൾ നടത്തിയിരുന്നു. പ്രവാസി ക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഫലം മറുനാടൻ മലയാളികൾക്ക് എത്രത്തോളം ലഭ്യമാക്കുന്നുണ്ടെന്ന് മനസ്സിലാക്കുന്നതിനായി 2019 ആഗസ്റ്റ് 4 മുതൽ 11 വരെ പശ്ചിമ ബംഗാൾ, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിൽ സമിതി അഖിലേന്ത്യാ പഠന പര്യടന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പഠന പര്യടന പരിപാടിയിൽ സമിതി കൊൽക്കത്ത, ഭിലായ്, റായ്പൂർ എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയും അവിടെയുള്ള മലയാളികളുമായും അവരുടെ സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തുകയുമുണ്ടായി. പ്രസ്തുത സന്ദർശനത്തിന്റെയും സമിതി നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ നിഗമനങ്ങളും നിരീക്ഷണങ്ങളും ശിപാർശകളും ഉൾപ്പെടുത്തി പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-2021), സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് (പശ്ചിമബംഗാൾ, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിലെ മലയാളികളുടെ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച്) 2021 ജനുവരി 13-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2019-2021)യുടെ പതിനൊന്നാമത് റിപ്പോർട്ടിൽ ആകെ 8 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ കേരളീയ പ്രവാസികാര്യം, സാംസ്കാരികകാര്യം, ഗതാഗതം, ആഭ്യന്തരം, റവന്യൂ എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ 3-2-2022, 16-11-2022 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി അംഗീകരിക്കുകയും ശിപാർശ നമ്പർ 3 (ഖണ്ഡിക നം.9) ശിപാർശ നമ്പർ 7 (ഖണ്ഡിക നം. 10) എന്നിവയിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി പരിഗണിച്ച സമിതി ആയതിന്മേൽ അന്തിമ റിപ്പോർട്ട് ആരായുകയും ചെയ്തു.

റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടികളും ഒന്നാം അദ്ധ്യായം ആയും റിപ്പോർട്ടിലെ ശിപാർശകളിൽ അന്തിമ മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ വിശദാംശം രണ്ടാം അദ്ധ്യായമായും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## അധ്യായം - 1

## സമിതിയുടെ ശിപാർശകളും അവയ്ക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടിയും

### ശിപാർശ നമ്പർ 1

കേരള സർക്കാർ, നോർക്ക വകുപ്പ് മുഖേന പ്രവാസി മലയാളികൾക്കായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെയും ക്ഷേമ പ്രവർത്തനങ്ങളേയും സംബന്ധിച്ച് പ്രവാസി മലയാളികളിൽ അവബോധം സൃഷ്ടിക്കുന്നതിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ മുഖേന പ്രചരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

കേരള സർക്കാർ, നോർക്ക വകുപ്പ് മുഖേന പ്രവാസി മലയാളികൾക്കായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളേയും ക്ഷേമ പ്രവർത്തനങ്ങളേയും സംബന്ധിച്ച് പ്രവാസി മലയാളികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഗൾഫ് നാടുകളിൽ ഉൾപ്പെടെ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തി വരുന്നുണ്ട്. പ്രവാസി ക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്ന വിവിധ പ്രവാസി ക്ഷേമ പദ്ധതികളെക്കുറിച്ച് പ്രവാസി മലയാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി സോഷ്യൽ മീഡിയ വഴിയുള്ള പ്രചരണങ്ങൾ നടത്തി വരുന്നുണ്ട്.

[കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് 30-7-2021-ലെ ബി1/38/2021/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 3-2-2022-ലെ യോഗത്തിൽ അംഗീകരിച്ചു]

### ശിപാർശ നമ്പർ 2

കൊൽക്കത്ത കേന്ദ്രമാക്കി നോർക്ക വകുപ്പിന്റെ ഒരു മേഖല ആസ്ഥാനം ആരംഭിക്കണമെന്ന ദീർഘകാല ആവശ്യം സാക്ഷാത്കരിച്ചാൽ ആയത് ആൻഡമാൻ & നിക്കോബാർ ദ്വീപുകൾ അടക്കം ഒഡീഷ മുതൽ അസം, മേഘാലയ ഉൾപ്പെടെയുള്ള കിഴക്കൻ, വടക്കു കിഴക്കൻ മേഖലയിൽ അധിവസിക്കുന്ന മലയാളികൾക്ക് ഉപകാരപ്രദമാകുമെന്ന് സമിതി കരുതുന്നു. ആയതിനാൽ കൊൽക്കത്ത കേന്ദ്രമാക്കി നോർക്ക വകുപ്പിന്റെ ഒരു മേഖലാ കാര്യാലയം ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

പ്രവാസികളായ മലയാളികൾക്ക് പ്രത്യേകിച്ച് അവരുടെ പുതുതലമുറയ്ക്ക് കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ചുള്ള അവബോധം, ഭാഷാപഠനം, സമ്പർക്ക പരിപാടികൾ നടപ്പിലാക്കുക, കൂടാതെ അന്യ സംസ്ഥാനങ്ങളിലെ മലയാളികൾക്ക് ആയാസരഹിതവും സൗകര്യപ്രദവുമായി നോർക്കയുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി മറ്റ് സംസ്ഥാനങ്ങളിലും കൂടി നോർക്ക-റൂട്ട്സിന് കാര്യാലയം സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടി നോർക്ക-റൂട്ട്സ് ആസ്ഥാനത്തിന്റെയും മറ്റു സംസ്ഥാനങ്ങളിലെ ഓഫീസുകളുടെയും ശാക്തീകരണം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ കൊൽക്കത്ത കേന്ദ്രമാക്കി നോർക്ക വകുപ്പിന്റെ ഒരു മേഖലാ കാര്യാലയം ആരംഭിക്കുന്നതിന് തുക വകയിരുത്തിയിരുന്നെങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ ആരംഭിക്കാൻ സാധിച്ചിരുന്നില്ല. 2021-22 സാമ്പത്തിക വർഷത്തിൽ കൊൽക്കത്ത കേന്ദ്രമാക്കി ഒരു മേഖലാ കാര്യാലയം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

[കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് 30-7-2021-ലെ ബി1/38/2021/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 3-2-2022-ലെ യോഗത്തിൽ അംഗീകരിച്ചു]

## ശിപാർശ നമ്പർ 3

കേരളത്തിലേയ്ക്കും തിരിച്ചുമുള്ള യാത്രയിൽ അനുഭവിക്കേണ്ടിവരുന്ന യാത്രാക്ലേശമാണ് മറുനാടൻ മലയാളികൾ അഭിമുഖീകരിക്കുന്ന മറ്റൊരു ഗൗരവതരമായ പ്രശ്നം. കൂടാതെ ദീർഘദൂര ട്രെയിനുകളിൽ നടക്കുന്ന മോഷണം, കോച്ചുകളുടെ ശോച്യാവസ്ഥ എന്നിവ സംബന്ധിച്ച പരാതികൾ സമിതി സഗൗരവം കണക്കിലെടുക്കുന്നു. കിഴക്കൻ, വടക്കു കിഴക്കൻ മേഖലയിലെ അകം പ്രവാസി മലയാളികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി ശുചിത്വവും, സുരക്ഷയും ഉറപ്പാക്കി കൊൽക്കത്തയിൽ നിന്നും കേരളത്തിലേയ്ക്ക് ദിവസേന ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ കേന്ദ്രത്തോട് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഭിലായ്-ൽ നിന്നുള്ള ട്രെയിനുകൾ ഷൊർണ്ണൂർ വഴി സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

കൊൽക്കത്തയിൽ നിന്നും കേരളത്തിലേയ്ക്ക് ദിവസേന ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനും, ഭിലായ്-ൽ നിന്നുള്ള ട്രെയിനുകൾ ഷൊർണ്ണൂർ വഴി സർവ്വീസ് നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് റെയിൽവേ ബോർഡ്

ചെയർമാനോട് 8-3-2021-ലെ ട്രാൻസ് 51/ഡി2/2021 നമ്പർ കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.

[ഗതാഗത (ഡി) വകുപ്പ് 16-3-2021-ലെ ഡി2/51/2021/ഗതാ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് സമിതിയുടെ 3-2-2022-ലെ യോഗത്തിൽ പരിഗണിക്കുകയും അന്തിമ റിപ്പോർട്ട് ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്തു]

**ശിപാർശ നമ്പർ 4**

കൊൽക്കത്തയിൽ മലയാളികൾക്കിടയിൽ മലയാള ഭാഷയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കാൻ മലയാളം പഠിപ്പിക്കുന്നതിനായി വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ടെങ്കിലും സർക്കാർ നൽകുന്ന സർട്ടിഫിക്കറ്റ് ലഭിക്കുവാൻ കാലതാമസം നേരിടുന്നത് പരിഹരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ മലയാളഭാഷ പഠിപ്പിക്കുന്നു എന്നറിഞ്ഞതിൽ സംതൃപ്തി അറിയിക്കുന്നതിനോടൊപ്പം, മറുനാടൻ മലയാളികളിൽ മാതൃഭാഷാവബോധം സൃഷ്ടിക്കുന്നതിനായി മലയാളി സംഘടനകളുടെ സഹകരണത്തോടെ മലയാളം മിഷൻ പദ്ധതിയുടെ പ്രവർത്തനം റായ്പൂർ, ഭിലായ് എന്നീ മേഖലകളിൽ കൂടി വ്യാപിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

മലയാളം മിഷന്റെ പ്രവർത്തനം നിലവിൽ 24 സംസ്ഥാനങ്ങളിലാണുള്ളത്. ഛത്തീസ്ഗഢിലെ ഭിലായ്-ൽ മലയാളം മിഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടക്കുന്നുണ്ട്. റായ്പൂരിൽ പഠന കേന്ദ്രം ആരംഭിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

[സാംസ്കാരികകാര്യ (സി) വകുപ്പ് 2-6-2021-ലെ സി1/36/2021/സാം.കാ.വ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 3-2-2022-ലെ യോഗത്തിൽ അംഗീകരിച്ചു]

**ശിപാർശ നമ്പർ 5**

പതിറ്റാണ്ടുകൾ കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന അകം പ്രവാസികളിൽ ചിലർക്കെങ്കിലും കേരളത്തിലോ തൊഴിൽ സ്ഥലത്തോ സ്വന്തമായി വീടില്ലാത്ത അവസ്ഥ ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പ്രശ്നത്തിന് ഒരു താൽക്കാലിക പരിഹാരമായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും നാട്ടിലേയ്ക്ക് മടങ്ങിപോകാത്തവരും, സ്വന്തമായി വീടില്ലാത്തവരുമായ മലയാളികൾക്കായി ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുന്നതിന് അതാത് സംസ്ഥാന സർക്കാരുമായും, മലയാളി സംഘടനകളുമായും ചർച്ച ചെയ്ത് നയപരമായി തീരുമാനമെടുക്കേണ്ട വിഷയമാണ്. കൂടാതെ വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്ന നിർദ്ദേശവുമാണ്. ഈ സാഹചര്യത്തിൽ ടി വിഷയം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

[കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് 30-7-2021-ലെ ബി1/38/2021/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 3-2-2022-ലെ യോഗത്തിൽ അംഗീകരിച്ചു]

## ശിപാർശ നമ്പർ 6

സംസ്ഥാനത്ത് ഡി.ജി.പി. ഓഫീസിൽ പ്രവർത്തിക്കുന്ന NRI സെല്ലിൽ അകം പ്രവാസികളുടെ വിവിധ മേഖലകളിലെ പ്രശ്നങ്ങൾ കൂടി കൈകാര്യം ചെയ്യുന്നതിനായി സംവിധാനമുണ്ടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

തൊഴിൽപരമായ പ്രശ്നങ്ങൾ, ശമ്പളം നൽകാതിരിക്കുക, തൊഴിൽ സ്ഥലങ്ങളിലെ ശാരീരിക മാനസിക പീഡനം, സാമ്പത്തിക തട്ടിപ്പുകൾ, അകം പ്രവാസികളുടെയും കുടുംബാംഗങ്ങളുടെയും പ്രാദേശികമായ ബുദ്ധിമുട്ടുകൾ തുടങ്ങി വിവിധ തരത്തിലുള്ള പരാതികൾ അകം പ്രവാസികളുടേതായി നിലവിൽ എൻ.ആർ.ഐ. സെല്ലിൽ ലഭിക്കാറുണ്ട്. പ്രസ്തുത പരാതികളിൽ മേൽ അന്വേഷണം നടത്തി അടിയന്തര നടപടികൾ സ്വീകരിച്ചും ആവശ്യമായ നിയമനടപടികൾക്ക് ശിപാർശ ചെയ്തും സത്വരമായ പരാതി പരിഹാര നടപടികൾ ഈ ഓഫീസ് വഴി നടത്തി വരുന്നുണ്ട്.

എൻ.ആർ.ഐ. സെല്ലിൽ പ്രവാസികളുടെ ക്ഷേമത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്‌ലൈൻ പ്രവർത്തിച്ചുവരുന്നുണ്ട്. 0471-2721547, 0471-2724890, 0471-2722768 എന്നീ ഫോൺ നമ്പരുകളിൽ പ്രവാസികൾക്കും, അകം പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും 24 മണിക്കൂറും നേരിട്ട് പരാതികൾ ബോധിപ്പിക്കാവുന്നതാണ്. കൂടാതെ എൻ.ആർ.ഐ. സെല്ലിലെ പോലീസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക ഫോൺ നമ്പരുകളിലേയ്ക്കും പരാതികൾ സംബന്ധിച്ച് ബന്ധപ്പെടാവുന്നതാണ്.

spnri.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും പ്രവാസികൾക്കും അകം പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പരാതികൾ ഇ-മെയിൽ മുഖേന സമർപ്പിക്കാവുന്നതാണ്.

ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ കാലവിളംബം കൂടാതെ വിശദമായ അന്വേഷണം നടത്തി ഉചിതമായ പരിഹാര നടപടികൾ സ്വീകരിച്ച് വരുന്നു.

[ആഭ്യന്തര (ഇ) വകുപ്പ് 20-6-2022-ലെ ഇ 3/55/2022/ആഭ്യന്തര നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 16-11-2022-ലെ യോഗത്തിൽ അംഗീകരിച്ചു].

**ശിപാർശ നമ്പർ 7**

ഉത്സവകാലത്ത് വിമാന കമ്പനികൾ യാത്രാനിരക്ക് ക്രമാതീതമായി വർദ്ധിപ്പിക്കുന്ന വസ്തുത സമിതി ഗൗരവമായി വീക്ഷിക്കുന്നു. റായ്പൂർ മേഖലയിലെ മലയാളികളുടെ അഭ്യർത്ഥന കണക്കിലെടുത്ത് നിർത്തലാക്കിയ റായ്പൂർ-കൊച്ചി വിമാന സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി**

ഉത്സവകാലത്ത് വിമാന കമ്പനികൾ യാത്രാനിരക്ക് ക്രമാതീതമായി വർദ്ധിപ്പിക്കുന്നതും, റായ്പൂർ-കൊച്ചി വിമാന സർവ്വീസ് പുനരാരംഭിക്കുന്നതിനും, ഫ്ലൈറ്റിന്റെ ഫ്ലക്സി റേറ്റിന് കടിഞ്ഞാണിടുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്ന് എയർ ഇന്ത്യ ചെയർമാൻ & മാനേജിംഗ് ഡയറക്ടറോട് 8-3-2021-ലെ 51/ട്രാൻസ്/ഡി2/2021 നമ്പർ കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.

[ഗതാഗത (ഡി) വകുപ്പ് 16-3-2021-ലെ ഡി2/51/2021/ഗതാ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് സമിതിയുടെ 3-2-2022-ലെ യോഗത്തിൽ പരിഗണിക്കുകയും അന്തിമ റിപ്പോർട്ട് ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്തു.]

അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

**ശിപാർശ നമ്പർ 8**

കേരളത്തിലെ മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് പ്രവേശനം നടക്കുന്ന വേളയിൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നുണ്ടെന്നും വർഷങ്ങളായി കേരളത്തിന് പുറത്ത് താമസിക്കുന്നവരും എന്നാൽ നാട്ടിൽ സ്വന്തം പേരിൽ ഭൂമിയില്ലാത്തവരുമായ ഭൂരിഭാഗം പ്രവാസികൾക്കും കരം അടച്ച രസീത് ഹാജരാക്കി നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ സാധിയ്ക്കാതെ വരുന്നു. അവർക്ക് മേൽ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിയ്ക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വിഷയത്തിന് പരിഹാരമായി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ താമസിക്കുന്ന മറുനാടൻ മലയാളികൾക്ക് എല്ലാ ആവശ്യങ്ങൾക്കും ഉപകരിക്കുന്നതിനായി, പുറം പ്രവാസികൾക്ക് നൽകുന്ന തിരിച്ചറിയൽ കാർഡിന്റെ മാതൃകയിൽ ഒരു തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടി

നോർക്ക റൂട്ട്സ് പുറം പ്രവാസികൾക്ക് നൽകിവരുന്ന തിരിച്ചറിയൽ കാർഡിന്റെ മാതൃകയിൽ തന്നെ ഇതര സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾക്കും 2012 ജൂൺ മുതൽ തന്നെ തിരിച്ചറിയൽ കാർഡ് നൽകിവരുന്നുണ്ട്. ഈ തിരിച്ചറിയൽ കാർഡ് നേറ്റിവിറ്റി സർട്ടിഫിക്കറ്റിന് അപേക്ഷ നൽകുന്നതിനായി ഉപയോഗിക്കാൻ സാധിക്കുന്നതല്ല. എന്നാൽ, അകം പ്രവാസികളുടെ എല്ലാ ആവശ്യങ്ങൾക്കും പ്രസ്തുത കാർഡ് ഉപയോഗിക്കാൻ കഴിയുമോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ച് ബഹു. സമിതിയെ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ശിപാർശയുടെ പകർപ്പ് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്.

[കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് 30-7-2021-ലെ ബി1/38/2021/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 3-2-2022-ലെ യോഗത്തിൽ പരിഗണിക്കുകയും റവന്യൂ വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്തു]

## റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച മറുപടി

ലാൻഡ് റവന്യൂ മാന്വൽ വാല്യം 6 ഖണ്ഡിക 226 പ്രകാരം ഒരാൾ ജന്മം കൊണ്ട് കേരളീയനാണെന്ന് സാക്ഷ്യപ്പെടുത്തുന്നതാണ് നേറ്റിവിറ്റി സർട്ടിഫിക്കറ്റ്. കേരളത്തിനുള്ളിൽ ജനിച്ചയാളുകൾക്കു മാത്രമല്ല നേറ്റിവിറ്റി സർട്ടിഫിക്കറ്റിന് അർഹതയുള്ളത്. കേരളത്തിനു പുറത്ത് ജനിച്ച വ്യക്തികൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നേറ്റിവിറ്റി സർട്ടിഫിക്കറ്റ് അനുവദിച്ചു വരുന്നു.

1. മാതാപിതാക്കൾ രണ്ടു പേരും കേരളത്തിൽ ജനിച്ചവരാണെങ്കിൽ.

2. മാതാപിതാക്കളിലൊരാൾ കേരളത്തിൽ ജനിച്ചു വളർന്നയാളും ഒരാൾ മറ്റൊരു സംസ്ഥാനത്ത് ജനിച്ചു വളർന്നയാൾ ആവുകയും വിവാഹ ശേഷം രണ്ടുപേരും കേരളത്തിൽ സ്ഥിര താമസക്കാരായിരിക്കുകയും ചെയ്താൽ.

നിലവിൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ഓൺലൈനായിട്ടാണ് നൽകുന്നത്. ആയതിനാൽ അപേക്ഷകർക്ക് എവിടെ ആയിരുന്നാലും ടി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുകയും സർട്ടിഫിക്കറ്റ് കൈപ്പറ്റുകയും ചെയ്യാവുന്നതാണ്. മാതാപിതാക്കൾ കേരളത്തിൽ ജനിച്ചു വളർന്നവർ ആണെന്ന് അവരുടെ വിദ്യാഭ്യാസ രേഖകളുടെയോ മറ്റു ആധികാരിക രേഖകളുടെയോ അടിസ്ഥാനത്തിൽ തെളിയിക്കാനായാൽ മതിയാകും.

പ്രവാസികളുടെ പല കേസുകളിലും മാതാപിതാക്കളിൽ ഒരാൾ അന്യ സംസ്ഥാനക്കാരനോ രാജ്യക്കാരനോ ആയിരിക്കാനുള്ള സാഹചര്യമുണ്ട്. ഇത്തരക്കാർക്ക്

നേറ്റിവിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കാനുള്ള അപേക്ഷകളിൽ നിലവിലെ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാത്ത കേസുകളും മറ്റും ഉണ്ടായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ എല്ലാവർക്കുമായി പൊതുവെയും മാനദണ്ഡങ്ങളില്ലാതെയും നേറ്റിവിറ്റി ആയി പരിഗണിക്കാവുന്ന തരത്തിൽ ഒരു കാർഡ് ഇഷ്യൂ ചെയ്യുന്നതിൽ നിയമ പ്രശ്നങ്ങൾ ഉണ്ടാകാവുന്നതാണ്.

മേൽ സാഹചര്യത്തിൽ ഇതര സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾക്ക് എല്ലാ ആവശ്യങ്ങൾക്കും ഉപകരിക്കുന്നതിനായി പ്രവാസികൾക്ക് നൽകുന്ന തിരിച്ചറിയൽ കാർഡിന്റെ മാതൃകയിൽ ഒരു തിരിച്ചറിയൽ കാർഡ് നൽകേണ്ട ആവശ്യം ഉള്ളതായി കാണുന്നില്ല.

[റവന്യൂ (റ്റി) വകുപ്പ് 16-9-2022-ലെ T2/281/2021/റവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 16-11-2022-ലെ യോഗത്തിൽ അംഗീകരിച്ചു]

## <u>അധ്യായം - II</u>

## റിപ്പോർട്ടിലെ ശിപാർശകളിൽ അന്തിമ റിപ്പോർട്ട് ആവശ്യപ്പെട്ടത് ലഭ്യമാകാതെയുള്ള ശിപാർശകൾ

### ശിപാർശ നമ്പർ 3 (ഖണ്ഡിക 9)

കേരളത്തിലേയ്ക്കും തിരിച്ചുമുള്ള യാത്രയിൽ അനുഭവിക്കേണ്ടിവരുന്ന യാത്രാക്ലേശമാണ് മറുനാടൻ മലയാളികൾ അഭിമുഖീകരിക്കുന്ന മറ്റൊരു ഗൗരവതരമായ പ്രശ്നം. കൂടാതെ ദീർഘദൂര ട്രെയിനുകളിൽ നടക്കുന്ന മോഷണം, കോച്ചുകളുടെ ശോച്യാവസ്ഥ എന്നിവ സംബന്ധിച്ച പരാതികൾ സമിതി സഗൗരവം കണക്കിലെടുക്കുന്നു. കിഴക്കൻ, വടക്കു കിഴക്കൻ മേഖലയിലെ അകം പ്രവാസി മലയാളികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി ശുചിത്വവും, സുരക്ഷയും ഉറപ്പാക്കി കൊൽക്കത്തയിൽ നിന്നും കേരളത്തിലേയ്ക്ക് ദിവസേന ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ കേന്ദ്രത്തോട് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഭിലായ്-ൽ നിന്നുള്ള ട്രെയിനുകൾ ഷൊർണ്ണൂർ വഴി സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### ശിപാർശ നമ്പർ 7 (ഖണ്ഡിക 10)

ഉത്സവകാലത്ത് വിമാന കമ്പനികൾ യാത്രാനിരക്ക് ക്രമാതീതമായി വർദ്ധിപ്പിക്കുന്ന വസ്തുത സമിതി ഗൗരവമായി വീക്ഷിക്കുന്നു. റായ്പൂർ മേഖലയിലെ മലയാളികളുടെ അഭ്യർത്ഥന കണക്കിലെടുത്ത് നിർത്തലാക്കിയ റായ്പൂർ-കൊച്ചി വിമാന സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

പ്രസ്തുത ശിപാർശകളിന്മേൽ ഗതാഗത വകുപ്പ് 16-3-2021-ലെ ഡി2/51/2021/ഗതാ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിന്മേൽ 3-2-2022-ലെ സമിതി യോഗം അന്തിമ റിപ്പോർട്ട് ആവശ്യപ്പെട്ടത് ഗതാഗതവകുപ്പിൽ നിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ ശിപാർശകളിന്മേലുള്ള അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എ. സി. മൊയ്തീൻ,
*ചെയർപേഴ്സൺ,*

തിരുവനന്തപുരം,
2024 ജൂലൈ 4.

*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.